DESPATCHED
On. 14/6/22



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം-695 001
Email: sic.ker@nic.in

ഹർജി നമ്പർ **AP 283(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.5330/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂൺ 8

ശ്രീ. ഇട്ടമ്മൽ മുകുന്ദൻ,
പോള ഹൗസ്,
കരിങ്കൽക്കുഴി, കൊളച്ചേരി പി.ഒ.,
കണ്ണൂർ – 670 601.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   വില്ലേജ് ഓഫീസ് കൊളച്ചേരി പി.ഒ.,
   കണ്ണൂർ.
2. അപ്പീൽ അധികാരി &
   തഹസിൽദാർ (എൽ.ആർ),
   താലൂക്ക് ഓഫീസ് തളിപ്പറമ്പ,
   പിൻ – 670 141.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 23.12.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 21.01.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 29.1.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 24.2.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29.3.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 1.4.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 6.4.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 28.4.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 7.6.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ | അപ്പീൽ ഹർജിക്കാരനുവേണ്ടി ടിയാന്റെ പ്രതിനിധി ഹാജരായി |
| എസ്.പി.ഐ.ഒ | ഹാജരായി |
| സ്പെഷ്യൽ വില്ലേജ് ഓഫീസർ | ഹാജരായി |

## ഉത്തരവ്

ശ്രീ. ഇട്ടമ്മൽ മുകുന്ദൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച

വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട 9 ചോദ്യങ്ങൾക്കും ബാധകമല്ലെന്ന മറുപടിയാണ് നൽകിയതെന്നും തുടർന്ന് നൽകിയ അപ്പീൽ 57 ദിവസം കഴിഞ്ഞിട്ടും തീർപ്പാക്കിയിട്ടില്ലെന്നും ആയതിനാൽ അപ്പീൽ വാദി ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും പൂർണ്ണമായി നൽകാൻ നിർദ്ദേശിക്കണമെന്നും എതിർകക്ഷികൾക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 23.12.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് കൊളച്ചേരി വില്ലേജിലെ ബ്ലോക്ക് നമ്പർ 100, റി.സർവ്വെ 87/6 വസ്തുവിന്റെ 1993 മുതൽ കരം സ്വീകരിച്ച വിവരങ്ങളും വസ്തു വിവരവും രേഖപ്പെടുത്തിയിരിക്കുന്ന 386-ാം നമ്പർ ഭൗതിക തണ്ടപ്പേർ അക്കൗണ്ട് കൊളച്ചേരി വില്ലേജ് ഓഫീസിൽ മിസ്സിംഗാണെന്നും, പകരം വസ്തുവിന്റെ അളവിലും കൈവശക്കാരുടെ പേരുകളും വ്യത്യാസം വരുത്തി വ്യാജമായി നിർമ്മിച്ച തണ്ടപ്പേർ അക്കൗണ്ടാണ് ഒറിജിനൽ എന്ന രീതിയിൽ ഉപയോഗിച്ച് വരുന്നതെന്നും ആയതിനാൽ വിവരാവകാശ നിയമ പ്രകാരം താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നുമാണ് :

1) വിജിലൻസ് നഷ്ടപ്പെട്ടതായി ആരോപിക്കപ്പെടുന്ന രേഖയുടെ കസ്റ്റോഡിയന്റെ പേരും, ഔദ്യോഗിക മേൽവിലാസവും
2) ടി രേഖ നഷ്ടപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ട തീയതി
3) രേഖ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് എതിർകക്ഷി ഓഫീസ് പോലീസിന് നൽകിയ പരാതിയുടെ പകർപ്പ് നൽകണമെന്നും മറ്റുമായി 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 21.1.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 29.1.2022-ന് നൽകിയ അപ്പീൽ അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനായി 5.2.2022-ന് നൽകിയ നോട്ടീസിൽ അപ്പീൽ അപേക്ഷയിന്മേൽ കാണിച്ച വിവരങ്ങളിൽ കൂടുതലായി എന്തെങ്കിലും ബോധിപ്പിക്കാൻ ഉണ്ടെങ്കിൽ നേരിട്ടോ രേഖമൂലമോ 7 ദിവസത്തിനകം വിവരം സമർപ്പിക്കേണ്ടതാണെന്ന് അറിയിച്ചിരുന്നതാണെങ്കിലും അപേക്ഷകൻ ഹാജരാകുകയോ രേഖാമൂലം കൂടുതൽ വിവരങ്ങൾ നൽകുകയോ ചെയ്തിട്ടില്ലെന്നതിനാൽ അപ്പീൽ അപേക്ഷയിൽ കഴമ്പില്ലെന്ന് കണ്ട് 24.2.2022-ന് അപ്പീൽ തള്ളി ഉത്തരവായിട്ടുള്ളതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കൊളച്ചേരി വില്ലേജിലെ ബ്ലോക്ക് നമ്പർ 100, റി.സർവ്വെ 87/6 വസ്തുവിന്റെ 1993 മുതൽ കരം സ്വീകരിച്ച് വിവരങ്ങളും വസ്തു വിവരവും രേഖപ്പെടുത്തിയിരിക്കുന്ന 386-ാം നമ്പർ ഭൗതിക തണ്ടപ്പേർ അക്കൗണ്ട് കൊളച്ചേരി വില്ലേജ് ഓഫീസിൽ നിന്നും നഷ്ടപ്പെട്ടു എന്നും നഷ്ടപ്പെട്ടതായി ആരോപിക്കപ്പെടുന്ന രേഖയുടെ കസ്റ്റോഡിയന്റെ പേരും ഔദ്യോഗിക മേൽവിലാസവും തുടങ്ങി നഷ്ടപ്പെട്ടതായി ആരോപിക്കപ്പെടുന്ന രേഖയെ സംബന്ധിച്ച 9 ചോദ്യങ്ങൾക്കാണ് ഹർജിക്കാരൻ മറുപടി ആവശ്യപ്പെട്ടിരുന്ന-തെന്നും എന്നാൽ അപേക്ഷകൻ നഷ്ടപ്പെട്ടതായി ആരോപിക്കപ്പെടുന്ന 386-ാം നമ്പർ ഭൗതിക തണ്ടപ്പേർ അക്കൗണ്ട് നഷ്ടപ്പെട്ടിട്ടില്ലെന്നും ആയതിനാൽ 2 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് ബാധകമല്ല എന്നും 9-ാമത്തെ ചോദ്യത്തിന് മറുപടിയും നൽകിയിട്ടുള്ളതാണെന്നും മറുപടി ആവശ്യപ്പെട്ട 9 ചോദ്യങ്ങളിൽ ഒന്നാമതായി ചോദിച്ച നഷ്ടപ്പെട്ടതായി ആരോപിക്കപ്പെടുന്ന രേഖയുടെ കസ്റ്റോഡിയന്റെ പേരും ഔദ്യോഗിക മേൽവിലാസവും നഷ്ടപ്പെട്ടതായി ആരോപിക്കപ്പെടുന്നു എന്നതല്ലാതെ ടി രേഖകൾ നഷ്ടപ്പെട്ടിട്ടില്ല എന്നും ആയതിനാൽ 2 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകാൻ സാധിക്കാത്തതിനാലാണ് ബാധകമല്ല എന്ന് അറിയിച്ചിട്ടുള്ളതെന്നും 9-ാമത്തെ ചോദ്യത്തിന് മറുപടി നൽകിയിട്ടുണ്ടെന്നും 386-ാം നമ്പർ തണ്ടപ്പേർ അക്കൗണ്ട് നഷ്ടപ്പെട്ടിട്ടില്ല എന്നും അപേക്ഷകന്റെ മകളെയും ചെറുമകളെയും റവന്യൂ ഉദ്യോഗസ്ഥർ അതിക്രമിച്ച് വീട്ടിൽ ചെന്ന് ഭീഷണിപ്പെടുത്തി എന്നതിന് യാതൊരു അടിസ്ഥാനമോ സാക്ഷികളോ സാഹചര്യതെളിവുകളോ ഇല്ലാത്തതാണെന്നും ഇത്തരം തെറ്റായ കാര്യങ്ങൾ പറഞ്ഞ് കമ്മീഷന്റെ ശ്രദ്ധ മാറ്റാൻ അപേക്ഷകൻ ശ്രമിക്കുന്നതാണെന്നും ഒന്നാം അപ്പീൽ അധികാരി മുമ്പാകെ 29.1.2022-ന് നൽകിയ അപ്പീൽ അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഹർജിക്കാരന് നൽകിയ നോട്ടീസിൽ ടിയാന്റെ അപ്പീൽ അപേക്ഷയിന്മേൽ കൂടുതലായി എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ നേരിട്ടോ രേഖമൂലമോ വിവരം സമർപ്പിക്കേണ്ടതാണെന്ന് അറിയിച്ചിരുന്നുവെങ്കിലും അപേക്ഷകൻ ഹാജരാകുകയോ രേഖാമൂലം കൂടുതൽ വിവരങ്ങൾ നൽകുകയോ ചെയ്തിട്ടില്ലെന്നതിനാൽ എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിന്റെയും ലഭ്യമായ തെളിവുകളുടെയും അടിസ്ഥാനത്തിൽ 24.2.2022-ന് അപ്പീൽ തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ഉന്നയിച്ചപ്രകാരം 386-ാം നമ്പർ തണ്ടപ്പേർ അക്കൗണ്ട് കൊളച്ചേരി വില്ലേജ് ഓഫീസിൽ നിന്നും നഷ്ടപ്പെട്ടിട്ടില്ല

എന്നതിനാലാണ് അപേക്ഷയിലെ 2 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് 'ബാധകമല്ല' എന്ന മറുപടി എതിർകക്ഷി നൽകിയിട്ടുള്ളത് എന്നതിനാൽ നൽകിയ മറുപടിയിൽ അപാകത കാണുന്നില്ല. എന്നാൽ ടി മറുപടിയിൽ ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ ടിയാന്റെ ആക്ഷേപം ദൂരീകരിക്കുന്നതിനായി ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടുന്നതിനുള്ള അവസരം ഒന്നാം എതിർകക്ഷി ഹർജിക്കാരന് നൽകണമെന്നും, അപ്രകാരം ഏതെങ്കിലും രേഖകളുടെ പകർപ്പിന് ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ടി രേഖാ പകർപ്പുകൾ സൗജന്യമായി നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. തണ്ടപ്പേർ അക്കൗണ്ടിന്റെ വ്യാജരേഖകൾ നിർമ്മിച്ച് ഒറിജിനൽ എന്ന രീതിയിൽ ഉപയോഗിക്കുന്നു എന്നും, ഹർജിക്കാരന്റെ മകളോട് റവന്യു ഉദ്യോഗസ്ഥർ അപമര്യാദയായി പെരുമാറി എന്നും മറ്റുമുള്ള ടിയാന്റെ പരാതിയിന്മേൽ വിവരാവകാശ നിയമ പ്രകാരം നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല എന്നതിനാൽ ഇത്തരം വിഷയങ്ങളിൽ ഹർജിക്കാരന് ബന്ധപ്പെട്ട മേലധികാരികൾക്ക് പരാതി നൽകി പരിഹാരം തേടാവുന്നതുമാണ്.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 8-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * THIRUVANANTHAPURAM * KERALA

bnk